● കവർസ്റ്റോറി

# മസ്ജിദുൽ അഖ്സ്വാ ഭീഷണിയുടെ നിഴലിൽ

● അബൂസൈനബ്

**ഖു**ദ്സ് (ജറൂസലം) വീണ്ടും പുകയുകയാണ്. ലോക മുസ്‌ലിംകൾക്ക് പാവനമായ അഖ്സ്വാ പള്ളിയുടെ നിലനിൽപ് അപകടപ്പെടുത്തുന്ന ഖനന പരിപാടിയുമായി ഇസ്രയേൽ ഭരണകൂടം ഇറങ്ങിത്തിരിച്ചിരിക്കുന്നത് മറ്റൊരു ഇൻതിഫാദക്ക് (ഉയിർത്തെഴുന്നേൽപ്) തുടക്കമിട്ടേക്കുമെന്ന ആശങ്ക ഉയർത്തിയിട്ടുണ്ട്. ഉദ്ഖനനത്തിനും അഖ്സ്വാ ഉൾപ്പെടുന്ന കെട്ടിട സമുച്ചയത്തിലേക്കുള്ള നടപ്പാത നിർമാണത്തിനും എതിരെ ഫലസ്ത്വീനികളുടെയും മുസ്‌ലിംലോകത്തിന്റെയും ശക്തമായ പ്രതിഷേധം ഉയർന്നപ്പോൾ നിർമാണ പ്രവർത്തനം തൽക്കാലം നിർത്തിവെക്കാൻ സയണിസ്റ്റ് രാഷ്ട്രം നിർബന്ധിതമായെങ്കിലും ഖനനം എട്ടു മാസത്തേക്ക് തുടരുമെന്നാണ് പ്രധാനമന്ത്രി യഹൂദ് ഒൽമെർട്ട് വ്യക്തമാക്കിയിരിക്കുന്നത്. നടപ്പാതയുടെ കാര്യം ഇതിനുശേഷം തീരുമാനിക്കുമെന്നുമാണ് ഒൽമെർട്ടിന്റെ ധിക്കാരം നിറഞ്ഞ പ്രസ്താവന. പള്ളിക്ക് യാതൊന്നും സംഭവിക്കില്ലെന്നും മുസ്‌ലിംകൾ വെറുതെ പ്രശ്നമുണ്ടാക്കുകയാണെന്നുമാണ് പ്രധാനമന്ത്രിയുടെ ആക്ഷേപം.

എന്നാൽ ഖനനവും നടപ്പാത നിർമാണവും ഗൂഢാലോചനയുടെ ഭാഗമാണെന്ന സംശയം ശക്തമായിട്ടുണ്ട്. മുഹമ്മദ് നബി (സ) ആകാശാരോഹണം നടത്തിയ സ്ഥലത്ത് പണിത അൽ ബുറാഖ് പള്ളി പൊളിച്ച് അവിടെ ജൂത ആരാധനാലയം സ്ഥാപിക്കാനാണ് ഖനന പരിപാടിയിലൂടെ ഇസ്രയേലിന്റെ നീക്കമെന്ന് ഫലസ്ത്വീനിലെ ഇസ്‌ലാമിക പ്രസ്ഥാന നേതാവ് ശൈഖ് റാഇദ് സ്വലാഹ് മുന്നറിയിപ്പ് നൽകുന്നു. അൽ മഗ്‌റബി ബ്രിഡ്ജ് എന്ന പേരിൽ നിർമിക്കാൻ പോകുന്നത് നടപ്പാതയല്ലെന്നും ഒരേസമയം മുന്നൂറിലേറെ ഇസ്രയേലീ സൈനികർക്ക് ടാങ്കുകളുമായി പള്ളിയിലേക്ക് ഇരച്ചുകയറാൻ പാകത്തിലുള്ള പാതയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഇപ്പോൾതന്നെ പള്ളിയുടെ മുറ്റത്തുപോലും സയണിസ്റ്റ് സൈന്യത്തിന്റെ സാന്നിധ്യം പ്രകടമാണ്. പള്ളിയിലെ പ്രവേശനം നാൽപത്തഞ്ചു വയസ്സിനു മുകളിലുള്ളവരിൽ പരിമിതപ്പെടുത്തിയിരിക്കുകയുമാണ്.

അഖ്സ്വാ പള്ളിയുടെ 50 മീറ്റർ മാത്രം അകലെയാണ് ഇസ്രയേലിന്റെ ഖനന പരിപാടിയെന്നത് ഭീഷണി വെളിവാക്കുന്നു. ഇസ്രയേൽ നടപടി ഇരു രാജ്യങ്ങളും തമ്മിലുള്ള കരാറുകളുടെ ലംഘനമാണെന്ന് ജോർദാൻ പരാതിപ്പെട്ടിട്ടുണ്ട്. കിഴക്കൻ ജറൂസലമിലെ മുസ്‌ലിം, ക്രിസ്ത്യൻ പുണ്യകേന്ദ്രങ്ങളുടെ നിയന്ത്രണം ജോർദാൻ ഗവൺമെന്റിനാണെന്ന് വ്യക്തമാക്കുന്ന കരാർ ഇരു രാജ്യങ്ങളും തമ്മിൽ നിലവിലുണ്ട്. അഖ്സ്വായുടെ അടിത്തറയെ ബാധിക്കുന്ന ഖനനം നിയമവിരുദ്ധവും ലോകത്തിലെ പഴക്കം ചെന്ന ദേവാലയത്തെ അപകടപ്പെടുത്തുന്ന നടപടിയുമാണെന്ന് ഇസ്രയേലിലെ പ്രശസ്തരായ 18 പുരാവസ്തു ഗവേഷകർ 2006 മാർച്ചിൽ സംയുക്ത പ്രസ്താവനയിൽ മുന്നറിയിപ്പ് നൽകിയിരുന്നു. ഇതൊക്കെ അവഗണിച്ച് പ്രകോപനം തുടരാൻ സയണിസ്റ്റ് രാഷ്ട്രം തീരുമാനിച്ചത് ജറൂസലം നഗരത്തിലെ ഇസ്‌ലാമിക പാരമ്പര്യം തുടച്ചുനീക്കാനുള്ള ദീർഘകാല പദ്ധതിയുടെ ഭാഗം തന്നെയാണ്. ഫലസ്ത്വീനിൽ ഹമാസ്, ഫതഹ് വിഭാഗങ്ങൾ പരസ്പരം പോരടിക്കുമ്പോഴാണ് ഖനന, നടപ്പാത പരിപാടി അതിന്റെ പാരമ്യത്തിലെത്തിയതെന്നതും ഇതോട് ചേർത്തു വായിക്കണം.

1967-ൽ കിഴക്കൻ ജറൂസലം കൈയടക്കിയതോടെ സയണിസ്റ്റുകളുടെ ഗൂഢതന്ത്രങ്ങൾ ഒന്നൊന്നായി പുറത്തുവരാൻ തുടങ്ങിയിരുന്നു. പ്രവാചകൻ സുലൈമാന്റെ ദേവാലയം (ഹൈക്കൽ) കണ്ടെത്താനെന്ന പേരിൽ മസ്ജിദുൽ അഖ്സ്വായുടെ ചുവട്ടിൽ ഉദ്ഖനനം ആരംഭിക്കുകയായിരുന്നു ആദ്യ നീക്കം. 1969 ആഗസ്റ്റ് 21-ന് വെയ്ൻസ് മൈക്കൽ എന്ന ആസ്ത്രേലിയൻ ക്രിസ്ത്യൻ സയണിസ്റ്റ് മസ്ജിദുൽ അഖ്സ്വാക്ക് തീകൊടുത്തത് ലോക മുസ്‌ലിംകളുടെ ശക്തമായ പ്രതിഷേധത്തിനിടയാക്കിയ സംഭവമാണ്. സ്വലാഹുദ്ദീൻ അയ്യൂബി സ്ഥാപിച്ച പ്രസംഗ പീഠം ഉൾപ്പെടെ പള്ളിയുടെ ചില പ്രധാന ഭാഗങ്ങൾ കത്തിനശിച്ചു. മസ്ജിദുൽ അഖ്സ്വാ തകർക്കാൻ ഇസ്രയേൽ ഭരണകൂടം നടത്തുന്ന നീക്കങ്ങൾ മുസ്‌ലിംലോകം ഗൗരവത്തോടെ വീക്ഷിക്കാൻ തുടങ്ങിയത് ഈ സംഭവത്തോടെയാണ്. അഖ്സ്വായുമായി ബന്ധപ്പെട്ട വിഷയത്തിൽ ചേർന്ന മുസ്‌ലിംരാജ്യങ്ങളുടെ ഉച്ചകോടിയാണ് ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കോൺഫറൻസിന്റെ (ഒ.ഐ.സി) പിറവിക്കു പോലും വഴിവെച്ചത്.

1948-ലെ അറബ്-ഇസ്രയേൽ യുദ്ധത്തെ തുടർന്ന് ജറൂസലം രണ്ടായി വിഭജിക്കപ്പെടുകയായിരുന്നു. ജൂതന്മാർ കൂടുതലായി അധിവസിക്കുന്ന പടിഞ്ഞാറൻ ജറൂസലം ഇസ്രയേലിന്റെയും അറബികൾ ഭൂരിപക്ഷമുള്ള കിഴക്കൻ ജറൂസലം ജോർദാന്റെയും നിയന്ത്രണത്തിലായി. പടിഞ്ഞാറൻ ജറൂസലമിലെ അറബ് നിവാസികളെ നിർബന്ധപൂർവം പുറത്താക്കിയ സയണിസ്റ്റുകൾ മസ്ജിദുൽ അഖ്സ്വാ ഉൾപ്പെടുന്ന കിഴക്കൻ ജറൂസലമും കൈവശപ്പെടുത്താൻ കാത്തിരിക്കുകയായിരുന്നു. 1967-ലെ ആറു ദിവസ യുദ്ധത്തിൽ പുണ്യ നഗരം പൂർണമായി അവരുടെ അധീനത്തിലായി.

കിഴക്കൻ, പടിഞ്ഞാറൻ ഭാഗങ്ങളെ ഒരൊറ്റ നഗരവും ഇസ്രയേലിന്റെ എക്കാലത്തേക്കുമുള്ള തലസ്ഥാനവുമായി പ്രഖ്യാപിക്കുന്ന ജറൂസലം നിയമം 1980-ൽ സയണിസ്റ്റ് രാഷ്ട്രം പാസ്സാക്കിയെങ്കിലും ഐക്യരാഷ്ട്ര രക്ഷാ സമിതി അംഗീകരിച്ചിട്ടില്ല. കിഴക്കൻ ജറൂസലം അധിനിവേശത്തിലൂടെ ഇസ്രയേലിനോട് ചേർത്തത് അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനമാണെന്ന് 478-ാം നമ്പർ പ്രമേയത്തിൽ യു.എൻ വ്യക്തമാക്കിയിരുന്നു. വീറ്റോ പ്രയോഗിച്ചില്ലെങ്കിലും വോട്ടെടുപ്പിൽനിന്ന് വിട്ടുനിന്ന് ഇസ്രയേലിന് പിന്തുണ പ്രഖ്യാപിക്കുകയാണ് അമേരിക്ക ചെയ്തത്. രക്ഷാസമിതി പ്രമേയങ്ങൾക്ക് പുല്ലുവില കൽപിച്ച ഇസ്രയേൽ ഭരണസിരാകേന്ദ്രങ്ങൾ ഒന്നൊന്നായി ജറൂസലമിലേക്ക് മാറ്റാൻ തുടങ്ങി. പാർലമെന്റ് (നെസറ്റ്) മന്ദിരവും പ്രധാനമന്ത്രിയുടെയും പ്രസിഡന്റിന്റെയും ഭവനവുമൊക്കെ അവിടെത്തന്നെ പണിത് ജറൂസലം എക്കാലവും സയണിസ്റ്റ് രാഷ്ട്രത്തിന്റെ അവിഭാജ്യഘടകമാണെന്ന് പ്രഖ്യാപിക്കുകയായിരുന്നു. നയതന്ത്ര കാര്യാലയങ്ങൾ തെൽഅവീവിൽനിന്ന് പറിച്ചുനടാൻ വിവിധ ലോകരാജ്യങ്ങളോട് ആവശ്യപ്പെടുകയായിരുന്നു അടുത്ത പടി. യു.എൻ പ്രമേയം

പാലിക്കേണ്ടതിനാലാവണം പല രാജ്യങ്ങളും വഴങ്ങിയില്ല. തെൽഅവീവിൽനിന്ന് ജറൂസലമിലേക്ക് എംബസി മാറ്റാൻ സമ്മതം നൽകുന്ന പ്രമേയം അമേരിക്കൻ കോൺഗ്രസ് 1995-ൽ പാസ്സാക്കിയെങ്കിലും ദേശീയ താൽപര്യം പരിഗണിച്ച് ആറു മാസം കൂടുമ്പോൾ പ്രസ്തുത തീരുമാനം നീട്ടിവെക്കാൻ പ്രസിഡന്റിനുള്ള അധികാരം ബിൽ ക്ലിന്റൻ പ്രയോഗിച്ചതിനാൽ അത് നടന്നില്ല. എംബസി ജറൂസലമിലേക്ക് മാറ്റണമെന്ന ശക്തമായ നിലപാടാണ് ഇപ്പോഴത്തെ പ്രസിഡന്റ് ബുഷിന്. ഇക്കഴിഞ്ഞ ഡിസംബർ 15-ന് വിദേശകാര്യ സെക്രട്ടറിക്ക് ബുഷ് നൽകിയ പ്രത്യേക കുറിപ്പിലെ വാചകം ഇങ്ങനെയാണ്: 'അമേരിക്കയുടെ നയതന്ത്ര കാര്യാലയം ജറൂസലമിലേക്ക് മാറ്റുന്ന പ്രക്രിയ തുടങ്ങാൻ ബദ്ധശ്രദ്ധരാണ് നാം. എന്നാൽ ഇപ്പോൾ അങ്ങനെ ചെയ്യുന്നത് ഇസ്രയേലിനെയും ഫലസ്ത്വീനിനെയും സമാധാനപാതയിലേക്ക് നയിക്കാൻ നാം നടത്തുന്ന ശ്രമങ്ങളെ താളം തെറ്റിക്കും.' ജറൂസലമിൽ ഒരു രാജ്യത്തിന്റെയും എംബസികൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എൽസാൽവഡോറും കോസ്റ്റാറിക്കയും കാര്യാലയങ്ങൾ തെൽഅവീവിൽനിന്ന് പറിച്ചുനട്ടിരുന്നെങ്കിലും ആഗസ്റ്റിൽ തീരുമാനം മാറ്റുകയായിരുന്നു.

കിഴക്കൻ ജറൂസലം അന്യായമായി കൂട്ടിച്ചേർത്ത ശേഷം അവിടത്തെ അറബ്നിവാസികൾക്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി പൗരത്വം നൽകാമെന്ന് ഇസ്രയേൽ പ്രഖ്യാപിച്ചിരുന്നു. സയണിസ്റ്റ് രാഷ്ട്രത്തോട് കൂറ് പ്രഖ്യാപിക്കണമെന്നും മറ്റേതെങ്കിലും പൗരത്വം ഉണ്ടെങ്കിൽ അവ പൂർണമായി വർജിക്കണമെന്നുമായിരുന്നു പ്രധാന വ്യവസ്ഥകൾ. എന്നാൽ ഭൂരിപക്ഷം ഫലസ്ത്വീനികളും ഇസ്രയേലീ പൗരത്വം സ്വീകരിക്കാൻ തയാറായില്ല. അത്തരക്കാർക്ക് സ്ഥിര താമസത്തിനുള്ള പെർമിറ്റ് നൽകുമെന്നായിരുന്നു ഇസ്രയേൽ പ്രഖ്യാപനം. എന്നാൽ കിഴക്കൻ ജറൂസലമിലെ അറബ് ഭൂരിപക്ഷം ഭീഷണിയാണെന്ന് കണ്ട സയണിസ്റ്റ് രാഷ്ട്രം പല പ്രതികാര നടപടികളും ആരംഭിച്ചു. പെർമിറ്റ് പുതുക്കി നൽകാതിരിക്കുക, ജറൂസലം വിട്ടുപോയവർ തിരികെവന്നാൽ താമസാവകാശം നഷ്ടപ്പെടുക തുടങ്ങിയവ ദുഷ്ട നടപടികളിൽ ചിലതായിരുന്നു. പെർമിറ്റ് പുതുക്കിക്കിട്ടണമെങ്കിൽ ഫലസ്ത്വീനികൾ 12 രേഖകളെങ്കിലും ഹാജരാക്കേണ്ടതുണ്ടെന്ന് ലണ്ടനിലെ *ഇന്റിപെന്റന്റ്* ദിന പത്രം ഈയിടെ ഒരു റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു.

ജറൂസലമിലെ അറബ് ജനസംഖ്യ 22 ശതമാനത്തിൽ കൂടരുതെന്ന കർശന നിലപാടാണ് ഇതഃപര്യന്തം സയണിസ്റ്റ് രാഷ്ട്രം കൈക്കൊണ്ടത്. അതിനായി ജറൂസലമിൽ കുടിയേറ്റം നടത്തുന്ന ജൂതന്മാരെ അഞ്ചു വർഷത്തേക്ക് മുനിസിപ്പൽ നികുതിയിൽനിന്ന് ഒഴിവാക്കി. എന്നാൽ ഫലസ്ത്വീനികൾ അടക്കേണ്ട നികുതി അഞ്ച് മടങ്ങ് വർധിപ്പിക്കുകയും ചെയ്തു. ജറൂസലം നഗരത്തിലെ മൊത്തം ജനസംഖ്യയുടെ 58 ശതമാനവും (4,10,000) മസ്ജിദുൽ അഖ്സ്വാ സ്ഥിതിചെയ്യുന്ന കിഴക്കൻ നഗരത്തിലാണ് വസിക്കുന്നത്. ഇവിടത്തെ മുസ്‌ലിം ജനസംഖ്യ രണ്ടേ കാൽ ലക്ഷത്തിലേറെയും (55 ശതമാനം) ജൂത ജനസംഖ്യ 1,84,000 (45 ശതമാനം)വുമാണ്. അതിനാൽ മുസ്‌ലിം സാന്നിധ്യം കുറക്കാൻ ഭരണകൂടം പലവിധത്തിലുള്ള ഉപദ്രവങ്ങളും തുടങ്ങി.

വെസ്റ്റ്ബാങ്കിലെ ജനങ്ങൾക്ക് പുറംലോകവുമായി ബന്ധപ്പെടാൻ ഒരു സിവിലിയൻ വിമാനത്താവളമുണ്ടായിരുന്നു. വടക്കൻ ജറൂസലമിലെ അതാറോത് വിമാനത്താവളത്തിന് പക്ഷേ ഒരു പ്രത്യേകതയുണ്ട്. ഇസ്രയേലീ പൗരത്വമുള്ളവരെ മാത്രമേ അത് ഉപയോഗിക്കാൻ അനുവദിച്ചിരുന്നുള്ളൂ. കിഴക്കൻ ജറൂസലമിലെ സ്ഥിര താമസക്കാർക്ക് എയർപോർട്ടിലേക്ക് പ്രവേശനമുണ്ടായിരുന്നില്ല. എന്നാൽ ഇൻതിഫാദ ശക്തിപ്പെട്ടപ്പോൾ 2001-ൽ എയർപോർട്ട് അടച്ചുപൂട്ടി. തെൽഅവീവിലെ ബെൻഗൂറിയൻ ഇന്റർനാഷ്നൽ എയർപോർട്ട് ഉപയോഗിക്കാൻ ഫലസ്ത്വീനികൾക്ക് ഇപ്പോഴും പ്രത്യേക അനുവാദം വാങ്ങണം. അനുമതി കിട്ടിയെങ്കിൽ അതാണ് വാർത്ത. ചുരുക്കത്തിൽ, പുറം ലോകത്തേക്ക് പോകാൻ ജോർദാന്റെയോ ഈജിപ്തിന്റെയോ അതിർത്തി കടന്ന് അവിടങ്ങളിലെ വിമാനത്താവളങ്ങൾ ഉപയോഗിക്കേണ്ട അവസ്ഥയിലാണ് ഫലസ്ത്വീനികൾ.

ജറൂസലമിലെ മുസ്‌ലിം സാന്നിധ്യം കുറക്കാൻ ഇസ്രയേൽ കൈക്കൊണ്ട നടപടികൾ മനുഷ്യത്വ വിരുദ്ധവും അന്താരാഷ്ട്ര നിയമങ്ങളുടെ നഗ്നമായ ലംഘനവുമാണെങ്കിലും അതിനെതിരെ ഫലപ്രദമായ നടപടികൾ കൈക്കൊള്ളാൻ യു.എൻ മുന്നോട്ടുവന്നിട്ടില്ല. അത്തരം വല്ല നീക്കങ്ങളും യു.എന്നിന്റെ ഭാഗത്തുനിന്ന് ഉണ്ടായാൽ അതിനെ എതിർക്കാൻ യു.എസ് ഭരണകൂടം കാത്തിരിക്കുകയാണ്. ഫലസ്ത്വീനികളെ വിഭജിക്കാൻ സയണിസ്റ്റ് രാഷ്ട്രം നിർമിച്ച വൻമതിൽ ഇതിന്റെ മികച്ച ഉദാഹരണമാണ്. ഫലസ്ത്വീൻ ചാവേറുകളെ തടയാനെന്ന പേരിൽ നിർമാണം ആരംഭിച്ച ഈ മനുഷ്യവിഭജന മതിൽ അന്താരാഷ്ട്ര തലത്തിൽ വൻ വിവാദമുണ്ടാക്കിയെങ്കിലും ഇസ്രയേലിനെ അനുകൂലിക്കാൻ സജീവമായി രംഗത്തുണ്ടായിരുന്നത് ബുഷ് ഭരണകൂടമാണ്. യു.എൻ രക്ഷാസമിതി 2003 ഒക്ടോബറിൽ വിഷയം ചർച്ചക്കെടുത്തെങ്കിലും മതിൽ നിർമാണത്തെ അപലപിക്കുന്ന പ്രമേയം അമേരിക്കയുടെ വീറ്റോ കാരണം പാസ്സായില്ല. തുടർന്ന് മുസ്‌ലിം രാജ്യങ്ങൾ ഇടപെട്ട് അതേ മാസം യു.എൻ പൊതുസഭയിൽ പ്രമേയം കൊണ്ടുവന്നു. യൂറോപ്യൻ യൂനിയനിലെ മുഴുവൻ അംഗങ്ങളും ഉൾപ്പെടെ 144 രാജ്യങ്ങൾ അനുകൂലമായി വോട്ട് ചെയ്തപ്പോൾ അമേരിക്ക ഉൾപ്പെടെ നാലു രാജ്യങ്ങൾ എതിർത്തു. പൊതുസഭ പാസ്സാക്കുന്ന പ്രമേയങ്ങൾക്ക് നിർവഹണാധികാരമില്ലാത്തതിനാൽ ഇത് ഒരു ചലനവുമുണ്ടാക്കിയില്ല. രക്ഷാസമിതി പാസ്സാക്കുന്ന പ്രമേയങ്ങൾ പോലും ചവിട്ടിമെതിക്കുന്ന ഇസ്രയേലിനെ സംബന്ധിച്ചേടത്തോളം പൊതുസഭ പ്രമേയം പാസ്സാക്കുന്നത് ഒരു വിഷയവുമല്ല. ഇസ്രയേലിനെതിരായ പരാതി പൊതുസഭ അന്താരാഷ്ട്ര നീതിന്യായ കോടതിയുടെ (ഐ.സി.ജെ) പരിഗണനക്ക് വിടുകയും മതിൽ നിർമാണം അന്താരാഷ്ട്ര നിയമങ്ങൾക്ക് വിരുദ്ധമാണെന്ന് കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തത് മിച്ചം. ഐ.സി.ജെ ഉത്തരവും നിർവഹണാധികാരമില്ലാത്തതായിരുന്നു.

ജോർദാന്റെ കൈവശമുണ്ടായിരുന്ന വെസ്റ്റ് ബാങ്കും 1967-ലെ യുദ്ധത്തിൽ ഇസ്രയേൽ പിടിച്ചെടുത്തെങ്കിലും കിഴക്കൻ ജറൂസലം പോലെ രാജ്യത്തോട് കൂട്ടിച്ചേർത്തിരുന്നില്ല. സയണിസ്റ്റ് ഭരണകൂടം ഇതിനുള്ള കാരണങ്ങൾ പരസ്യമായി പറയുന്നില്ലെങ്കിലും ചില നിരീക്ഷണങ്ങൾ ഇവിടെ പ്രസക്തമാണ്. വെസ്റ്റ് ബാങ്കിലെ വൻ ഫലസ്ത്വീനീ ജനസംഖ്യയാണ് പ്രധാന കാരണം. ഇവർക്ക് ഇസ്രയേലീ പൗരത്വം നൽകുന്നത് ജൂതരാഷ്ട്രത്തിന്റെ നാശത്തിനു തന്നെ കാരണമായേക്കുമെന്ന ആശങ്ക ഭരണകൂടത്തിനുണ്ട്. വെസ്റ്റ്ബാങ്കിലെ അറബ് ജനസംഖ്യ ജൂതന്മാരെ മറികടക്കുന്നത് ഭാവിയിൽ ഇസ്രയേലിന് ദോഷം ചെയ്തേക്കുമെന്നും ഇതിനെല്ലാമുപരി, അധിനിവിഷ്ട പ്രദേശങ്ങൾ എക്കാലവും പിടിച്ചുനിർത്താനാവില്ലെന്നും എന്നെങ്കിലും അവ വിട്ടുകൊടുക്കേണ്ടിവരുമെന്നും സയണിസ്റ്റ് നേതൃത്വത്തിന് ബോധ്യമുണ്ട്. ക്യാമ്പ് ഡേവിഡ് കരാറിന്റെ മറവിലാണെങ്കിലും സീനായ് ഉപദ്വീപ് ഈജിപ്തിന് മടക്കി നൽകിയതും, ഹിസ്ബുല്ലയുടെ ശക്തമായ ചെറുത്തുനിൽപ് നേരിടാൻ കഴിയാതെ ദക്ഷിണ ലബനാനിൽനിന്ന്

പിൻവാങ്ങേണ്ടി വന്നതും ഗസ്സയിലെ കുടിയേറ്റം അവസാനിപ്പിച്ചതും ഇസ്രയേലിനു മുന്നിലുള്ള പാഠങ്ങളാണ്. 'സമാധാനത്തിനു പകരം ഭൂമി കൈമാറൽ' കരാർ നിലവിൽ വന്നാൽ ഫലസ്ത്വീനികൾക്ക് തിരികെ നൽകേണ്ടതാണ് വെസ്റ്റ് ബാങ്ക്. '67-ൽ പിടിച്ചെടുക്കുമ്പോൾ ജോർദാന്റെ കൈവശമായിരുന്നു ഈ പ്രദേശമെങ്കിലും വെസ്റ്റ് ബാങ്കിനുമേലുള്ള അവകാശവാദം '88-ൽ ഫലസ്ത്വീനികൾക്കുവേണ്ടി ജോർദാൻ കൈയൊഴിഞ്ഞിരുന്നു.

കഴിഞ്ഞ 60 വർഷമായി ഫലസ്ത്വീൻ ജനതയെ വംശീയമായി ഉന്മൂലനം ചെയ്യാനുള്ള സയണിസ്റ്റ് ഗൂഢാലോചനയുടെ ഭാഗമാണ് ജറൂസലമിലെ പുണ്യകേന്ദ്രങ്ങൾക്കെതിരായ നീക്കങ്ങളെന്ന് അറബ് ലീഗ് സെക്രട്ടറി ജനറൽ അംറ് മൂസ പറയുന്നു. ഫലസ്ത്വീനിലെ ഇസ്‌ലാമിക സാംസ്കാരികചിഹ്നങ്ങൾ നശിപ്പിച്ചാലേ ഇത് സാധിക്കൂവെന്ന് സയണിസം നേരത്തേ തീരുമാനിച്ചുറപ്പിച്ച കാര്യമാണ്. അധിനിവിഷ്ട പ്രദേശങ്ങളിൽ ഇസ്രയേൽ വർണ, വംശീയ വിവേചനങ്ങൾ തുടരുന്നുവെന്ന് അമേരിക്കയുടെ മുൻ പ്രസിഡന്റ് ജിമ്മി കാർട്ടർ മാത്രമല്ല പുസ്തകമെഴുതിയത്. ഇസ്രയേലീ ചരിത്രകാരനും ഹൈഫ സർവകലാശാലാ പ്രഫസറുമായിരുന്ന ഇലാൻ പാപ്പെ എഴുതിയ *The Ethnic Cleansing of Palestine*,(Oneworld Publications, Oxford, England, 2006) എന്ന ഗ്രന്ഥവും സയണിസം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഗുരുതരമായ ഭീഷണിയിലേക്ക് വിരൽചൂണ്ടുന്നു. ലോകാധിപത്യത്തിനായുള്ള സയണിസ്റ്റുകളുടെ ഗൂഢാലോചന പ്രതിപാദിക്കുന്ന *ദ പ്രോട്ടോക്കോൾസ് ഓഫ് ദി എൽഡേസ് ഓഫ് സിയോൺ* എന്ന രേഖ വ്യാജനിർമിതിയാണെന്ന ആരോപണങ്ങളിൽ കഴമ്പില്ലെന്നാണ് ആഗോള സയണിസത്തിന്റെ ചുവടുവെപ്പുകൾ നൽകുന്ന സൂചന. ഈ രേഖ മുന്നോട്ടുവെക്കുന്ന ഭീഷണിയെക്കുറിച്ച് മുൻ സുഊദി അറേബ്യൻ ഭരണാധികാരി ഫൈസൽ രാജാവ് നിരന്തരം ലോകത്തിന് താക്കീത് നൽകിയതിനെ ജെറാൾഡ് പോസ്നർ എന്ന അമേരിക്കൻ ഗ്രന്ഥകാരൻ തന്റെ പുതിയ ഗ്രന്ഥത്തിൽ വിമർശിക്കുന്നു. എന്നാൽ ഫൈസലിന്റെ നിരീക്ഷണങ്ങൾ മുസ്‌ലിം ലോകം ഗൗരവത്തോടെ കാണേണ്ടതുണ്ടെന്ന് ഏറ്റവുമൊടുവിലെ അഖ്സ്വാ സംഭവവും ഓർമിപ്പിക്കുന്നു.

aboozainab@yahoo.co.uk